## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - അസിസ്റ്റന്റ് എഞ്ചിനീയർ മാർക്ക് ഇന്റർനെറ്റും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഇ.ഡബ്ലിയു) വകുപ്പ്

സ.ഉ. (സാധ) നം. 1442/2013/തസ്വഭവ. തീയ്യതി, തിരുവനന്തപുരം, 03-06-2013.

---

പരാമർശം:
1. 01-03-2013-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി4/6995/2010/സിഇ/തസ്വഭവ. നമ്പർ കത്ത്.
2. 22-05-2013-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 3.8 നം. തീരുമാനം

### ഉത്തരവ്

വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഇന്റർനെറ്റും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകണമെന്ന് പരാമർശം 1-ലെ കത്തുപ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. പരാമർശം 2-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഇന്റർനെറ്റും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഒരു തവണത്തേക്ക് മാത്രമായി അനുവാദം നൽകാൻ തീരുമാനിച്ചു.

മേൽ സാഹചര്യത്തിൽ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഇല്ലാത്ത അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഇന്റർനെറ്റും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഒരു തവണത്തേക്ക് മാത്രമായി അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സെൽവരാജൻ. എൽ,**
ഗവ. അണ്ടർ സെക്രട്ടറി.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി മാർക്കും
വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും/സബ് ട്രഷറി ഓഫീസർമാർക്കും.
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്
(23-05-2013-ലെ 30142/ഡി.എ.1/2013/തസ്വഭവ. നമ്പർ അ.ഔ.കുറിപ്പ് പ്രകാരം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തൃശ്ശൂർ.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ്: ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തസ്വഭവ. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
തസ്വഭവ. സെക്രട്ടറിയുടെ പി.എക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ